©
**കേരള സർക്കാർ**
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 11** Vol. XI | **തിരുവനന്തപുരം, വ്യാഴം** Thiruvananthapuram, Thursday | **2022 മാർച്ച് 31** 31st March 2022 **1197 മീനം 17** 17th Meenam 1197 **1944 ചൈത്രം 10** 10th Chaithra 1944 | **നമ്പർ** No. **1099** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ഐ) വകുപ്പ്

വിജ്ഞാപനം

നമ്പർ 15822/ലെഗ്.ഐ1/2020/നിയമം.

*തിരുവനന്തപുരം, 2022 മാർച്ച് 31*
*1197 മീനം 17*
*1944 ചൈത്രം 10.*

2022 മാർച്ച് 31-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2022-ലെ 9-ാം നമ്പർ ഓർഡിനൻസ്

## 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2022-ലെ 2) 2022 ജനുവരി 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2022 ഫെബ്രുവരി 18-ാം തീയതി ആരംഭിച്ച് 2022 മാർച്ച് 18-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാനനിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിന് ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2022 ഏപ്രിൽ 1-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഇത് 2022 ജനുവരി 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2017-ലെ 16-ാം ആക്റ്റ് താത്ക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിന് (2017-ലെ 16-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3 മുതൽ 12 വരെ വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതും ഒരു റീജിയണൽ ആഫീസ് കൊച്ചിയിൽ ഉണ്ടായിരിക്കുന്നതുമാണ്.".

(2) (4)-ാം ഉപവകുപ്പിൽ,—

(എ) (i)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം അഖിലേന്ത്യാ സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാളോ, സർക്കാരിലോ പൊതുമേഖലയിലോ വൻകിട തുറമുഖങ്ങളിലോ/മാരിടൈം ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ/മാനേജിംഗ് ഡയറക്ടർ/വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ ഭരണപരിചയമുള്ള ആളോ ആയിരിക്കേണ്ടതുമാണ്.".

(ബി) (ii)-ാം ഇനത്തിൽ "പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (ix)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"(x) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ : മെമ്പർ സെക്രട്ടറി.".

(3) (5)-ാം ഉപവകുപ്പിൽ, "അഞ്ചു" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 8-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ "ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "സർക്കാരിന് സ്വമേധയോ അല്ലെങ്കിൽ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ അവസാനമായി താഴെപ്പറയുന്ന വാചകം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"കൂടാതെ സർക്കാരിന്റെ താത്പര്യങ്ങൾക്കനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നതെന്നും സാമ്പത്തികമായ കരുതലുകൾ ഉൾപ്പെടെ, എല്ലാ നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും സൂക്ഷ്മമായി പാലിക്കുന്നുണ്ടെന്നും അദ്ദേഹം ഉറപ്പുവരുത്തേണ്ടതാണ്.".

6. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "വിജ്ഞാപനം" എന്ന വാക്കിന് പകരം "ഉത്തരവ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(1എ) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ബോർഡിന്റെ എല്ലാ ഇടപാടുകളിലും സാമ്പത്തികമര്യാദ ഉറപ്പുവരുത്തുക എന്നത് ധനകാര്യ-കണക്കുകളുടെ കൺട്രോളറുടെ കർത്തവ്യമാണ്.".

8. 17-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് പകരം ഇനിപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

“17. <u>തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ</u>.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചയിക്കപ്പെട്ട ദിവസവും അന്നുവരെയും തുറമുഖ ഡയറക്ടറേറ്റിലും തുറമുഖകാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അതുപോലെ സർക്കാർ ജീവനക്കാരായി തുടരുന്നതും അവർക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും അവരുടെ സൂപ്പറാന്വേഷനോടു കൂടി, അപ്രകാരമുള്ള തസ്തികകൾ അവസാനിക്കുന്ന വിധത്തിൽ തുടരാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നുംതന്നെ പ്രസ്തുത ഉദ്യോഗ സ്ഥർക്കും ജീവനക്കാർക്കും നിർണ്ണയിക്കപ്പെടാവുന്നവിധത്തിൽ ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറുന്നതിനെ തടയുന്നതല്ല.

(3) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരെ പ്രസ്തുത വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട അവരുടെ അവകാശങ്ങൾക്ക് ഹാനി വരുത്താത്ത വിധത്തിൽ അവരുടെ സേവനം വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ അപ്രകാരം തുടരുന്ന സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്കനടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാർ വിരമിക്കുന്നതോടുകൂടി പ്രസ്തുത തസ്തികകൾ ബോർഡിലെ തസ്തികകളായി മാറുന്നതും അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ്.

(5) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് നിശ്ചയിക്കപ്പെട്ട ദിവസം ബോർഡിലെ ജീവനക്കാരായി മാറിയവർക്ക് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസിനെ തുടർന്ന് യാതൊരുവിധ മാറ്റങ്ങളോ സീനിയോറിറ്റി നഷ്ടമോ സേവന വേതന വ്യവസ്ഥയിൽ ദോഷകരമായ മറ്റ് യാതൊരുവിധ മാറ്റങ്ങളോ കൂടാതെ തന്നെ സർക്കാർ ജീവനക്കാരായി തുടരാവുന്നതാണ്. ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസിനുമിടയിൽ ബോർഡിലെ ജീവനക്കാരായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മാറിയ ജീവനക്കാരെ തിരിച്ച് സർക്കാർ ജീവനക്കാരായി മാറ്റുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം അതിൽ സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.”.

9. 18-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

10. 90-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 90-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ, “ഗൗരവമേറിയ അടിയന്തരഘട്ടമെന്ന കാരണത്താൽ” എന്ന വാക്കുകൾക്ക് പകരം “ഉത്തരവിൽ പറയുന്ന കാരണങ്ങളാൽ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിന് കീഴിലുള്ള പൊതു നിബന്ധന വ്യവസ്ഥയിൽ “വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറു മാസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക്, ബോർഡിനെ അതിലംഘിക്കാവുന്നതാണ്” എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം “വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിലേക്ക് ഈ ആക്റ്റിൻ കീഴിൽ വ്യവസ്ഥചെയ്തിട്ടുള്ള ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ്” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (ബി) ഖണ്ഡത്തിന് ശേഷമുള്ള ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ,—

(എ) (ബി) ഖണ്ഡത്തിൽ “സർക്കാർ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള ആളോ ആളുകളോ” എന്ന വാക്കുകൾക്ക് പകരം “സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (സി) ഖണ്ഡത്തിൽ “സർക്കാരിൽ” എന്ന വാക്കിന് പകരം “(1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട അഡ്മിനിസ്ട്രേറ്ററിൽ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) (എ) ഖണ്ഡത്തിൽ “ആറ് മാസത്തിൽ കവിയാത്ത” എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ബി) (സി) ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ “പ്രസ്തുത” എന്ന വാക്കിന് പകരം “ഈ” എന്ന വാക്ക് ചേർക്കേണ്ടതാണ്.

11. <u>91-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 91-ാം വകുപ്പിലെ,—

(1) (1)-ാം ഉപവകുപ്പിൽ,—

(എ) “നയപരമായ നിർദ്ദേശങ്ങൾ” എന്ന വാക്കുകൾക്ക് പകരം “പ്രാധാന്യമുള്ള കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ, “നയപരമായ ഒന്നാണോ” എന്ന വാക്കുകൾക്ക് പകരം “പ്രാധാന്യമുള്ള കാര്യമാണോ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. <u>92-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 92-ാം വകുപ്പിൽ, “ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായി” എന്ന വാക്കുകൾക്ക് പകരം “സംസ്ഥാന സർക്കാരുമായും ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായും” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

13. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2022-ലെ 2) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

## Law (Legislation-I) Department

NOTIFICATION

No. 15822/Leg.I1/2020/Law. *Dated, Thiruvananthapuram, 31st March, 2022*
*17th Meenam, 1197*
*10th Chaithra, 1944.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Maritime Board (Amendment) Ordinance, 2022 (9 of 2022).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ്” published under the authority of the Governor.]

# ORDINANCE No. 9 OF 2022

THE KERALA MARITIME BOARD (AMENDMENT) ORDINANCE, 2022

Promulgated by the Governor of Kerala in the Seventy-third Year of the Republic of India.

*AN*

*ORDINANCE*

*to amend the Kerala Maritime Board Act, 2017.*

*Preamble.*—WHEREAS, the Kerala Maritime Board (Amendment) Ordinance, 2022 (2 of 2022) was promulgated by the Governor of Kerala on the 17th day of January, 2022;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by the Legislative Assembly of the State of Kerala, during its session which commenced on the 18th day of February, 2022 and ended on the 18th day of March, 2022;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 1st day of April, 2022;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Maritime Board (Amendment) Ordinance, 2022.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) It shall be deemed to have come into force on the 19th day of January, 2022.

2. *Act 16 of 2017 to be temporarily amended*.—During the period of operation of this Ordinance, the Kerala Maritime Board Act, 2017 (Act 16 of 2017) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 to 12.

3. *Amendment of section 3*.—In section 3 of the principal Act,—

(1) for sub-section (3), the following sub-section shall be substituted, namely:—

"(3) The Headquarters of the Board shall be at Thiruvananthapuram and shall have a Regional Office at Kochi.".

(2) in sub-section (4),—

(a) for item (i), the following item shall be subtituted, namely:—

"(i) The chairman to be nominated by the State Government and shall be a person who is or has been an officer of All India Service or any person having administrative experience as Executive Chairperson/Managing Director/Department Head in Government or public sector or major ports or Maritime Boards.".

(b) in item (ii), for the words "not below the rank of Principal Secretary", the words "not below the rank of Secretary" shall be substituted;

(c) after item (ix), the following item shall be added, namely:—

"(x) Chief Executive Officer : Member Secretary.".

(3) in sub-section (5), for the word "five" the word "three" shall be substituted.".

4. *Amendment of section 8*.—In section 8 of the principal Act, for the words and symbol "The Board may, with the previous approval of the Government" the words and symbols "The Government may, by its own motion or the Board may, with the previous approval of the Government," shall be substituted.

5. *Amendment of section 9*.—In sub-section (2) of section 9 of the principal Act, the following sentence shall be added at the end, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"He shall also ensure that the Board functions according to the interests of the Government and strictly adheres to all laws, rules and procedures, including financial provisions.".

6. *Amendment of section 13*.—In sub-section (1) of section 13 of the principal Act, for the word "notification" the word "order" shall be substituted.

7. *Amendment of section 14*.—In the principal Act, after sub-section (1) of section 14, the following sub-section shall be added, namely:—

"(1a) It shall be the duty of the Controller of Finance and Accounts to ensure financial integrity in all transactions of the Board, in compliance with existing laws, rules and the directions issued by the Government from time to time.".

8. *Substitution of new section for section 17*.—For section 17 of the principal Act, the following section shall be substituted, namely:—

"17. *Special provisions regarding employees of the Port Directorate and offices of the Ports*.—(1) Notwithstanding anything contained in this Act, the officers and other employees who worked in the Directorate of Ports and Port offices on and till the appointed day, shall continue as Government employees as such, with all the rights that would have been available to them if the Board had not been constituted and may continue as a vanishing category on their superannuation;

(2) Nothing in sub-section (1) shall prevent such officers and employees from becoming employees of the Board by giving an option as may be prescribed.

(3) The Government shall have the right to utilise the services of employees who continue as Government employees under sub-section (1) in such manner that does not infringe their rights as specified in that section:

Provided that the supervision and power of disciplinary action over the Government employees continuing as such, shall vest in the Board.

(4) With the superannuation of the employees who continue as Government employees as per sub-section (1), the said posts shall become the posts in the Board and appointments in such posts shall be made as per the regulations of the Board.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) Those who have become employees of the Board on the appointed day pursuant to the commencement of this Act may continue to be Government employees without any change, loss of seniority or any other adverse effect on the terms and conditions of service, consequent to the Kerala Maritime Board (Amendment) Ordinance, 2022. If any dispute arises in the return of employees, who became the employees of the Board in between this Act and the Kerala Maritime Board (Amendment) Ordinance, 2022, as Government employees, the Government may take appropriate decision in it and the decision of the Government shall be final. ".

9. Omission *of section 18*.—Section 18 of the principal Act shall be omitted.

10. *Amendment of section 90*.—In section 90 of the principal Act,—

(1) in sub-section (1),—

(a) in clause (a), for the words "on account of grave emergency", the words "for reasons stated in the order" shall be substituted;

(b) in clause (b), for the words and symbols "supersede the Board for such period, not exceeding six months at a time, as may be specified in the notification", the words "appoint an Administrator for discharging the functions of the Board for a period as may be specified in the notification" shall be substituted.

(c) the proviso after clause (b) shall be omitted.

(2) in sub-section (2),—

(a) in clause (b), for the words, "such person or persons as the Government may direct", the words "the Administrator appointed by the Government" shall be substituted;

(b) in clause (c), for the word, "Government" the words "Administrator appointed under sub-section (1)" shall be substituted.

(3) in sub-section (3),—

(a) in clause (a) the words and symbol "not exceeding six months," shall be omitted;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) in the proviso to clause (c), for the word "this" the word "this" shall be substituted.

11. *Amendment of section 91*.—In section 91 of the principal Act,—

(1) in sub-section (1),—

(a) for the words "directions of policy", the words "directions regarding important matters" shall be substituted;

(b) the proviso to sub-section (1) shall be omitted.

(2) in sub-section (2), for the words "whether a question is one of policy", the words "whether it is important" shall be substituted.

12. *Amendment of section 92*.—In section 92 of the principal Act, for the words and symbol "with the Ministry of Shipping, Government of India" the words and symbol "with the State Government and the Ministry of Shipping, Government of India" shall be substituted.

13. *Repeal and saving*.—(1) The Kerala Maritime Board (Amendment) Ordinance, 2022 (2 of 2022) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Ordinance.

ARIF MOHAMMED KHAN,

*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.03.31 09:24:14 +05:30